**പതിമൂന്നാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: **79** **08.03.2012 ൽ** മറുപടിക്ക്

## ഫോർപ്ളസ് പദ്ധതി

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ. ചിറ്റയം ഗോപകുമാർ:<br>ശ്രീ. വി.എസ്. സുനിൽ കുമാർ:<br>ശ്രീ. ജി.എസ് ജയലാൽ:<br>ശ്രീ. ഇ.കെ. വിജയൻ: | **ശ്രീ. അടൂർ പ്രകാശ്**<br>**(ആരോഗ്യവും കയറും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിന് നടപ്പാക്കിയ ഫോർ പ്ളസ് പദ്ധതി എന്നു മുതലാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ ; | എ) 2010 ജനുവരി മുതലാണ് 'ഫോർപ്ളസ് തീവ്രയജ്ഞം 2010' സംസ്ഥാനത്ത് നടപ്പിലാക്കിയത്. |
| ബി) ഈ പദ്ധതിയിൽ ഏതെല്ലാം പകർച്ചവ്യാധികളെ നിയന്ത്രിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നതെന്ന് വ്യക്തമാക്കുമോ ; | ബി) എലിപ്പനി, മലമ്പനി, ഡെങ്കിപ്പനി, ചിക്കുൻഗുനിയ എന്നീ നാല് പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമാണ് ഈ പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നത്. |
| സി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് ചുമതലപ്പെട്ട വകുപ്പുകൾ ഏതെല്ലാം ; ഈ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് വെളിപ്പെടുത്തുമോ; | <u>(സി) യും (ഡി) യും</u><br>ആരോഗ്യവകുപ്പ്, ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം (എൻ. ആർ. എച്ച്.എം), മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, നഗരകാര്യ വകുപ്പ്, |

..........2

ഡി) ഈ പദ്ധതി കാര്യക്ഷമമായി തുടരുന്നതിനുദ്ദേശിക്കുന്നുണ്ടോ ?

പൊതുമരാമത്ത് വകുപ്പ്, വാട്ടർ അതോറിറ്റി, തൊഴിൽ വകുപ്പ്, കേരള ശുചിത്വ മിഷൻ, കുടുംബശ്രീ എന്നിവയാണ് ഈ പദ്ധതി നടപ്പിലാക്കാൻ ചുമതലപ്പെട്ട വകുപ്പുകൾ.

2010 ജനുവരി മുതൽ ഒരു വർഷക്കാലത്തേക്കു മാത്രമാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നത്. എന്നാൽ 2011-ലും തുടർ പ്രവർത്തനമെന്ന നിലയക്ക് ഈ പരിപാടിയനുസരിച്ചുള്ള പ്രവർത്തനങ്ങൾ തുടർന്നു പോന്നു.

സംസ്ഥാന സർക്കാർ 2012 മുതൽ ഒരു സമഗ്ര ആരോഗ്യ പദ്ധതിക്ക് രൂപം നൽകുകയും അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ ജനുവരി മാസം മുതൽ സംസ്ഥാനത്ത് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ ഫോർപ്ളസ് തീവ്രയജ്ഞ പരിപാടിയനുസരിച്ചുള്ള പ്രവർത്തനങ്ങൾ കൂടി ഉൾപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ